**അനുബന്ധം 1**

## വിജ്ഞാപനം

കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലും 68 ഗ്രാമസിഡിഎസ്സുകളിലുമായി ഹരിത കർമ്മസേന പദ്ധതി നിർവ്വഹണത്തിനായി ഹരിതകർമ്മസേന കോ-ഓർഡിനേറ്റർമാരുടെ ഒഴിവിലേയ്ക്കായി താഴെപ്പറയും പ്രകാരം അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കോഡ് നം. | തസ്തികയുടെ പേര് | ഒഴിവുകളുടെ എണ്ണം | യോഗ്യതകൾ | വയസ്/ പ്രായപരിധി | പ്രതിമാസ ഹോണറേറിയം |
|---|---|---|---|---|---|
| HKS COD 2 | ഹരിത കർമ്മസേന കോ-ഓർഡിനേറ്റർ – ജില്ല | 1 | ബിരുദാനന്തര ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം, 2 വർഷത്തെ ഫീൽഡ് ലെവൽ പ്രവർത്തി പരിചയം | 25 മുതൽ 40 | 25,000/- രൂപ |
| HKS COD 3 | ഹരിത കർമ്മസേന കോ-ഓർഡിനേറ്റർ – സിഡിഎസ് | 68 (റൂറൽ സിഡിഎസ്) | ബിരുദം/ഡിപ്ലോമ, കമ്പ്യൂട്ടർ പരിജ്ഞാനം (സ്ത്രീകൾ മാത്രം) | 25 മുതൽ 40 | 10,000/- രൂപ |

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

1. അപേക്ഷ ഫോം കുടുംബശ്രീ ജില്ലാമിഷൻ ഓഫീസിൽ നിന്ന് നേരിട്ടോ www.kudumbashree.org എന്ന വെബ് സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്.
2. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി September 13 വൈകുന്നേരം 5 മണി വരെ. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

3. ഭാഗികമായി പൂരിപ്പിച്ച/അവ്യക്തമായ അപേക്ഷകൾ എന്നിവ നിരുപാധികം നിരസിക്കുന്നതാണ്.
4. പരീക്ഷാ ഫീസായി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, കൊല്ലം ജില്ലയുടെ പേരിൽ മാറാവുന്ന 200/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. പൂരിപ്പിച്ച അപേക്ഷയ്ക്കൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഫോട്ടോ അടങ്ങിയ പ്രൂഫ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, അയൽക്കൂട്ട അംഗം/കുടുംബാംഗം/ഓക്സിലറി ഗ്രൂപ്പംഗം ആണെന്നതിനും വെയ്റ്റേജ് മാർക്കിന് അർഹതപ്പെട്ട അപേക്ഷക ആണെന്നതിനും സിഡിഎസ്സിന്റെ സാക്ഷ്യപത്രവും ഡിമാന്റ് ഡ്രാഫ്റ്റും ഉള്ളടക്കം ചെയ്യേണ്ടതാണ്.
6. യാതൊരു കാരണവശാലും അസൽ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതില്ല.
7. അപേക്ഷ സമർപ്പിക്കുന്ന കവറിനു മുകളിൽ കുടുംബശ്രീ HKS COD 2 അല്ലെങ്കിൽ HKS COD 3 എന്ന് വ്യക്തമായി രേഖപ്പെടുത്തണം.
8. ഓരോ കോഡിലുള്ള തസ്തികകൾക്ക് പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ അയയ്ക്കേണ്ട മേൽവിലാസം

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
കുടുംബശ്രീ, ജില്ലാ മിഷൻ ഓഫീസ്,
KMC.XII/4013
സപ്ലൈകോ ഔട്ട്ലെറ്റിന് സമീപം
ആനന്ദവല്ലീശ്വരം
കൊല്ല 691009
ടെലിഫോൺ 0474-2794692

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

തീയതി: 30.08.2024

കൊല്ലം ജില്ല കുടുംബശ്രീ

സ്ഥലം: കൊല്ലം

STATE POVERTY ERADICATION MISSION
KUDUMBA SHREE
DISTRICT MISSION OFFICE
GOVT. OF KERALA